(സി) ട്രോളിംഗ്, മത്സ്യമുട്ടകളെയും, മത്സ്യക്കുഞ്ഞുങ്ങളെയും നശിപ്പിക്കുമെന്നതിനാൽ മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുക എന്ന ലക്ഷ്യത്തോടെയാണ് ട്രോളിംഗ് നിരോധനം നടപ്പാക്കിവരുന്നത്. മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അനുകൂലമായ ജീവിത സാഹചര്യം ലഭ്യമാക്കുന്നതിനും മത്സ്യ സമ്പത്ത് സംരക്ഷിക്കുക, അമിതമത്സ്യ ചൂഷണം ഒഴിവാക്കുക, മത്സ്യമേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തുക, പ്രക്ഷുബ്ധമായ കടലിൽ നിന്നും മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും ഉറപ്പുവരുത്തുക എന്നിവയും ട്രോളിംഗ് നിരോധനം കൊണ്ട് പ്രതീക്ഷിക്കുന്ന നേട്ടങ്ങളാണ്.

അനധികൃത പാറ-മണ്ണ് ഖനനം

13 (*583) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനധികൃതമായി പാറ-മണ്ണ് ഖനനം നടക്കുന്നതായുള്ള വാർത്തകൾ പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാരിസ്ഥിതികാനുമതി സംബന്ധിച്ച ചട്ടങ്ങളുടെ ലംഘനങ്ങളോടുകൂടിയാണിവ നടക്കുന്നതെന്നറിയാമോ ;

(സി) നിയമവ്യവസ്ഥകൾ ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും നിയമലംഘനങ്ങൾ തടയുന്നതിനുമുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) അനധികൃത ധാതുഖനനത്തിൽ പാരിസ്ഥിതികാനുമതി വ്യവസ്ഥകളുടെ ലംഘനവും ഉൾപ്പെടുന്നുണ്ട്.

(സി) ഫലപ്രദമാണ്.

കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡേറ്റാബേസ്

14 (*584) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡേറ്റാബേസ് തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly